LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, നമ്മുടെ ഗ്രാമപഞ്ചായത്തുകളിൽ പലരും വെള്ളക്കരത്തിന്റെ കുടിശ്ശിക അടയ്ക്കാൻ വിമുഖത കാണിച്ചതിന്റെ കാരണം പറഞ്ഞിരുന്നത് ഓൺ ഫണ്ടില്ലെന്നാണ്. പക്ഷെ ഇപ്പോൾ നമ്മുടെ ബഡ്ജറ്റിൽ തന്നെ പഞ്ചായത്തുകളുടെ മെയിന്റനൻസ് ഗ്രാന്റ് ഉയർത്തിയെന്ന് അറിയാൻ കഴിഞ്ഞു. ഈ സാഹചര്യത്തിൽ മുഴുവൻ പഞ്ചായത്തുകളുടേയും ഈ വെള്ളക്കര കുടിശ്ശിക തീർക്കാൻ വല്ല നടപടിയുമുണ്ടോ? അങ്ങനെ തരാത്ത പഞ്ചായത്തുകളോട് വല്ല വിശദീകരണവും നമ്മുടെ ഡിപ്പാർട്ടുമെന്റ് ആവശ്യപ്പെടുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമുക്കുള്ള ഏറ്റവും വലിയ കുടിശ്ശിക പഞ്ചായത്തുകളുടെ കുടിശ്ശിക തന്നെയാണ്. ഇപ്പോൾ കൊച്ചി കോർപ്പറേഷന് മാത്രമായിട്ട് 64.2 കോടി രൂപ കുടിശ്ശികയുണ്ട്. 611 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി ഇന്ന് 231.48 കോടി രൂപ നമുക്ക് കുടിശ്ശികയായിട്ട് കിട്ടാനുണ്ട്. ഈ കുടിശ്ശികകൾ കിട്ടാത്തതു കൊണ്ടാണ് പുതിയ പദ്ധതികൾ നമുക്ക് ഏറ്റെടുത്ത് നടത്താൻ കഴിയാത്തത്. അതുകൊണ്ട് എല്ലാ കരങ്ങളും പിരിച്ചെടുക്കാൻ ശ്രമിക്കുന്ന നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈ ബാദ്ധ്യതകൂടി നിർവ്വഹിക്കുന്നതിനുവേണ്ടി തയ്യാറാകണം. എങ്കിലേ നമുക്ക് വേഗത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയുകയുള്ളൂ.

തീരക്കടൽ മത്സ്യബന്ധനവും ആഴക്കടൽ മത്സ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് പദ്ധതി

4 [*293] ശ്രീ. പി. കെ. അബ്ദുറബ്ബ് :

,, പി. കെ. കെ. ബാവ :

,, കളത്തിൽ അബ്ദുള്ള :

,, ടി. പി. എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരക്കടൽ മൽസ്യബന്ധനവും ആഴക്കടൽ മൽസ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുള്ളത് ;

(ബി) ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതിന് ഉദ്ദേശിക്കുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ & ബി) തീരക്കടൽ മൽസ്യബന്ധനവും ആഴക്കടൽ മൽസ്യബന്ധനവും വർദ്ധിപ്പിക്കുന്നതിന് ഇപ്പോൾ പല പദ്ധതികളും നടപ്പിലാക്കിവരുന്നു. അവയിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

(i) കേരളത്തിലെ പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കായി 2458 ലക്ഷം രൂപ അടങ്കൽ തുകയുള്ള സംയോജിത മൽസ്യവികസന പദ്ധതി.

(ii) പരമ്പരാഗത വള്ളങ്ങളുടെ യന്ത്രവൽക്കരണത്തിനായി മൽസ്യത്തൊഴിലാളികൾക്ക് ഒരു എഞ്ചിന് 10,000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി.

(iii) പരമ്പരാഗത മൽസ്യബന്ധന വലകൾക്ക് വള്ളം ഒന്നിന് പരമാവധി 6000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി.

(iv) ദേശീയ ന്യൂനപക്ഷ വികസന കോർപ്പറേഷന്റേയും ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റേയും ധനസഹായത്തോടെ നടപ്പിലാക്കുന്ന സ്വയം തൊഴിൽ പദ്ധതിവഴി മൽസ്യത്തൊഴിലാളികൾക്ക് മൽസ്യബന്ധന ഉപകരണങ്ങൾക്ക് പരമാവധി 2 ലക്ഷം രൂപ വായ്പയായി നൽകുന്ന പദ്ധതി.

(v) മൽസ്യ വിഭവ സമ്പത്ത് നിലനിർത്തുന്നതിനുവേണ്ടി കേരള കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുന്ന പദ്ധതികൾ

(vi) വാണിജ്യ പ്രാധാന്യമുള്ള കാര, നാരൻ, ചെമ്മീൻ കുഞ്ഞുങ്ങളെ പ്രധാനപ്പെട്ട അഴിമുഖങ്ങളിലും പൊഴികളിലും നിക്ഷേപിക്കുന്ന സീറാംചിംഗ് പദ്ധതി.

(vii) തീരക്കടൽ മൽസ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ കണ്ടൽ ചെടികൾ വച്ചുപിടിപ്പിക്കുന്ന പദ്ധതി.

ഇവ കൂടാതെ പുതിയതായി താഴെപ്പറയുന്ന പദ്ധതികൾ കൂടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നു.

(i) പരമ്പരാഗത മൽസ്യത്തൊഴിലാളികൾക്കുള്ള എൻ.സി.ഡി.സി. ധനസഹായത്തോടെ 5494 ലക്ഷം രൂപ അടങ്കൽ തുകയുള്ള സംയോജിത മൽസ്യവികസന പദ്ധതിയുടെ (2005-07) രൂപരേഖ തയ്യാറാക്കിവരുന്നു. മൽസ്യബന്ധനോപകരണങ്ങൾ നൽകുന്നതിനും പ്രവർത്തന മൂലധനത്തിനുള്ള മാർജിൻ മണി, സ്ത്രീകൾക്കുള്ള മൽസ്യക്കച്ചവട വായ്പ, മൽസ്യബന്ധന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പ്രാഥമിക സംഘങ്ങൾക്കുള്ള വായ്പ തുടങ്ങിയ ഘടകങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ii) യന്ത്രവൽകൃത മൽസ്യബന്ധനത്തിനുള്ള പ്രവർത്തന ചെലവ് കുറയ്ക്കുന്നതിനുവേണ്ടി 20 മീറ്ററിൽ കുറവു നീളമുള്ള ബോട്ടുകൾക്ക് ഡീസൽ സബ്സിഡിയായി ഒരു ലിറ്ററിന് 1 രൂപ 50 പൈസ റിബേറ്റ് നൽകുന്ന ഒരു പദ്ധതിയ്ക്ക് രൂപം നൽകി കഴിഞ്ഞിട്ടുണ്ട്.

(iii) യന്ത്രവൽകൃത യാനങ്ങൾക്ക് മോട്ടോറൈസേഷൻ സബ്സിഡിയായി നൽകിവരുന്ന 10,000 രൂപ 20,000 രൂപയായി ഉയർത്തുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്.

(iv) കണ്ടൽ വനവൽക്കരണം കൂടുതൽ വ്യാപകമാക്കുന്നതിനുവേണ്ടി 2.34 കോടി രൂപ അടങ്കൽ തുക വരുന്ന ഒരു ബൃഹത്തായ പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. വനം വകുപ്പും ഫിഷറീസ് വകുപ്പും സംയുക്തമായി കണ്ടൽ വനവൽക്കരണത്തിന് മറ്റൊരു പദ്ധതിയ്ക്കു കൂടി രൂപം നൽകിവരുന്നുണ്ട്.

(സി) ഏകദേശം 64 കോടി രൂപയുടെ പദ്ധതിക്കാണ് രൂപം നൽകിയിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. എ. ഖാദർ : സർ, ഈ തീരക്കടൽ മൽസ്യബന്ധനവും ആഴക്കടൽ മൽസ്യബന്ധനവും വർദ്ധിപ്പിക്കുന്നതിനു സ്വീകരിച്ച നടപടികളെക്കുറിച്ചു ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, ഇതിന് ഏറ്റവും പുതിയ ശാസ്ത്രീയമായ രീതിയിൽ മൽസ്യബന്ധനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച രാജ്യങ്ങളിൽ നിന്ന് പാഠം പഠിപ്പിച്ചുകൊണ്ട് എന്തെങ്കിലും പുതിയ പരിഷ്ക്കാരങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഈ മൽസ്യ വിഭവ സമ്പത്ത് നിലനിർത്തുന്നതിനു കടൽ മൽസ്യബന്ധന നിയന്ത്രണ നിയമം നടപ്പിലാക്കുകയെന്നുള്ളതാണ്. അതിന്റെ വെളിച്ചത്തിലാണ് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ വർഷങ്ങളിലെ കണക്കനുസരിച്ച് ട്രോളിംഗ് നിരോധനംമൂലം കേരളത്തിൽ മൽസ്യ സമ്പത്ത് വർദ്ധിച്ചതായി കണക്കിൽപ്പെടുന്നുണ്ട്. ട്രോളിംഗ് ഇല്ലാതിരുന്ന വർഷങ്ങളിൽ ഉള്ള കണക്കിനേക്കാൾ ഇരട്ടിയോളം മൽസ്യം വർദ്ധിച്ചതായി ട്രോളിംഗ് നിരോധനത്തിനുശേഷം നമുക്ക് ബോദ്ധ്യമായിട്ടുണ്ട്. അതുപോലെതന്നെ ഈ വാണിജ്യപ്രാധാന്യമുള്ള കാര, നാരൻ, ചെമ്മീൻ കുഞ്ഞുങ്ങൾ അഴിമുഖങ്ങളിലും പൊഴികളിലും നിക്ഷേപിക്കുന്ന സീറാഞ്ചിംഗ് പദ്ധതിമൂലവും മൽസ്യ സമ്പത്ത് വർദ്ധിച്ചതായി കണക്കിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. എൻ. എ. ഖാദർ : ഈ മൽസ്യമേഖലയിൽ മൽസ്യബന്ധനം നടത്തുന്ന തൊഴിലാളികളും അതുപോലെ മൽസ്യബന്ധനം, സംസ്കരണം തുടങ്ങിയ പ്രവർത്തനങ്ങളിൽ ഒക്കെ ധാരാളം പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന ഒരു കാലഘട്ടമാണ്. മൽസ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ കിട്ടാത്തതിന്റെ പ്രശ്നങ്ങൾ, സബ്സിഡി കുറവ് ആയതിന്റെ പ്രശ്നങ്ങൾ ഇങ്ങനെ ധാരാളം പ്രശ്നങ്ങളുണ്ട്. സമഗ്രമായി 600 കിലോമീറ്റർ തീരമുള്ള ഈ സംസ്ഥാനത്തിന്റെ മൽസ്യമേഖലയിലെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാൻ ഒരു കമ്മിഷനെ നിയോഗിക്കാൻ ഈ വിഷയത്തിൽ വളരെ താൽപ്പര്യപൂർവം പ്രവർത്തിച്ചുവരുന്ന മന്ത്രി സന്നദ്ധമാണോ, നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഇവിടെ മണ്ണെണ്ണയുടെ കാര്യം അങ്ങ് പറഞ്ഞല്ലോ, ഈ സുനാമിക്കുശേഷം മുഴുവൻ തോതിലുള്ള മണ്ണെണ്ണ കൊടുക്കുന്നുണ്ട്. ഉള്ള പ്രശ്നം, ആ മണ്ണെണ്ണ വാങ്ങാൻ അവർ തയ്യാറാകുന്നില്ല. തയ്യാറാകാത്തതിനു കാരണം സുനാമിക്കുശേഷം ഇപ്പോൾ മൽസ്യത്തിന്റെ അളവിൽ 50 ശതമാനം കുറവുണ്ടെന്നാണ് സയന്റിഫിക് സ്റ്റഡി ഇവിടെ കാണിച്ചിട്ടുള്ളത്. അതുകൊണ്ട് തന്നെ ഇപ്പോൾ മണ്ണെണ്ണ മുഴുവനായിട്ട് കൊടുത്തിട്ടും അവർക്ക് വാങ്ങാൻ കഴിയുന്നില്ല. പക്ഷെ കഴിഞ്ഞ രണ്ടുമൂന്നു ദിവസങ്ങളിലായി കുറേയധികം മീൻ ലഭിക്കുന്നു എന്ന് വാർത്ത വന്നിട്ടുണ്ട്. ഇപ്പോൾ കന്യാകുമാരി ജില്ലയിൽ പതുക്കെ ക്യാച്ചുതുടങ്ങി. അത് ട്രിവാൻഡ്രത്തു കിട്ടി തുടങ്ങി. ഏതാനും ദിവസങ്ങൾ കൊണ്ട് പഴയ സ്ഥിതിയിലേക്ക് വരും. അപ്പോൾ തീർച്ചയായിട്ടും മണ്ണെണ്ണ അവർക്ക് വാങ്ങാൻ കഴിയും. അങ്ങ് പറഞ്ഞതുപോലെ ഈ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനുള്ള ഒരു വിദഗ്ദ്ധ സമിതിയെ അത് ഏതു തലത്തിൽ വേണമെന്നതിനെക്കുറിച്ച് എല്ലാവരുമായി നമുക്ക് ആലോചിക്കാം.

ശ്രീ. കളത്തിൽ അബ്ദുള്ള : സർ, ഈ മൽസ്യക്കുഞ്ഞുങ്ങളുടെ വിത്തുകൾ പ്രസരണം നടത്തുന്നത് കണ്ടൽ കാടുകളുടെ സമീപത്താണെന്നാണ് അറിയുന്നത്. ഈ സാഹചര്യത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെയും ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റേയും ജോയിന്റ് വെൻചർ ആയി ഒരു കണ്ടൽക്കാട് വ്യാപകമായി നമ്മുടെ തീരക്കടൽ പ്രദേശത്ത് കൊണ്ടുവരുന്നതിന് വല്ല നടപടിയും സ്വീകരിക്കുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഏറ്റവും നല്ല നിർദ്ദേശമാണ്. ഇപ്പോൾത്തന്നെ നിർമ എന്ന സ്ഥാപനം കഴിഞ്ഞ വർഷം തന്നെ കണ്ടൽക്കാട് വച്ചു പിടിപ്പിക്കുന്നതിന് വേണ്ടിയുള്ള പദ്ധതി ആരംഭിക്കുകയും സെലക്ട് ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ പഞ്ചായത്തിന്റെ സഹായത്തോടുകൂടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ പുതുതായിട്ട് കേന്ദ്ര ഗവൺമെന്റിൽ 2.34 കോടി രൂപ അടങ്കൽ വരുന്ന ഒരു പദ്ധതി സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വ്യാപകമായി കണ്ടൽ കൃഷി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നാണ് വിചാരിക്കുന്നത്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, തീരക്കടലിലും ആഴക്കടലിലുമൊക്കെ വിദേശകപ്പലുകൾ ഇപ്പോൾ വന്നിട്ട് മൽസ്യക്കൊയ്ത്ത് നടത്തിപ്പോകുകയാണ്. ഇത് നിയന്ത്രിക്കാൻ കേന്ദ്രത്തിൽ വല്ല സമ്മർദ്ദവും ചെലുത്തുമോ?

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : ഔദ്യോഗികമായി തീരക്കടലിലും ആഴക്കടലിലും ഇങ്ങനെ നടക്കുന്നതായി അറിവില്ല. എന്നാലും ഇടയ്ക്കിടയ്ക്ക് വാർത്തകൾ വരുന്നുണ്ട്. അതുകൊണ്ടുതന്നെ വളരെ കർശനമായി ഇവയെ നിയന്ത്രിക്കണമെന്ന നിവേദനങ്ങൾ കേന്ദ്രത്തിൽ കൊടുത്തിട്ടുണ്ട്. പ്രധാനമന്ത്രി ഇവിടെ വന്നപ്പോഴും മൽസ്യ ഇറക്കുമതി യടക്കമുള്ള കാര്യങ്ങളിൽ കേരളത്തിന്റേതായ അഭിപ്രായം അംഗീകരിക്കണമെന്നും കേന്ദ്ര ഗവൺമെന്റ് എടുക്കുന്ന തീരുമാനങ്ങൾ, എടുക്കുന്നതിനുമുൻപായി സംസ്ഥാന ഗവൺമെന്റിനെ അറിയിക്കണമെന്നും ഞങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് അന്തർദേശീയ കോച്ചുകളുടെ പരിശീലനം ലഭ്യമാക്കാൻ നടപടി

5 [*294] ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ അനുവദിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) സ്പോർട്സ് സ്കൂളിൽ ആകെ എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുവെന്ന് അറിയിക്കുമോ;

(സി) സ്പോർട്സ് സ്കൂളുകളിലെ കായികതാരങ്ങൾക്ക് ആധുനിക പരിശീല നവും ലോകനിലവാരമുള്ള കോച്ചുകളെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly